# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **08.02.2013 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1174**

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.റ്റി.എ. റഹീം | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |

(എ) 2007 ജൂൺ 13 ന് ജി.ഒ. (പി) നം. 107/07/G.Edn. ആയി മുസ്ലീം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേരളത്തിലെ അഞ്ച് ജില്ലകളിൽ പ്രത്യേകമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ;

(ബി) പ്രസ്തുത ഉത്തരവ് ഏതെങ്കിലും സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലായിരുന്നുവോ പുറപ്പെടുവിച്ചിരുന്നത്;

(സി) എങ്കിൽ, പ്രസ്തുത സമിതിയിൽ ആരെല്ലാമാണ് അംഗങ്ങളായി ഉണ്ടായിരുന്നത്;

(ഡി) പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തിയിട്ടുണ്ടോ; ഭേദഗതി വരുത്താനുള്ള കാരണമെന്താണ്;

(ഇ) പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

എ, ബി, സി, ഡി & ഇ

ഉണ്ട്. പുതിയ സ്ക്കൂളുകൾ അനുവദിക്കുക നിലവിലുളളവ ഉയർത്തുക അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് എൻ.ഒ.സി. (നിരാക്ഷേപ സാക്ഷ്യപത്രം) നൽകുക തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ അനുവർത്തിക്കേണ്ട നയവും അതിന് ഉതകുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ചും ശുപാർശകൾ സമർപ്പിക്കുന്നതിന് സർക്കാർ ഒരു ഉന്നതതല സമിതിയ്ക്ക് രൂപം നൽകുകയുണ്ടായി. പ്രസ്തുത സമിതി സർക്കാരിന് സമർപ്പിച്ച ശുപാർശകളുടെ അടിസ്ഥാനത്തിലാണ് സ.ഉ. (പി) നം; 107/07/പൊ.വി. തീയതി 13.06.2007 ഉത്തരവ് പുറപ്പെടുവിച്ചിട്ടുളളത്. പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറി അദ്ധ്യക്ഷനായി രൂപീകരിച്ച സമിതിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ എന്നിവർ സമിതി അംഗങ്ങളായിരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പിലെ അഡീഷണൽ

സെക്രട്ടറിക്കായിരുന്നു സമിതിയുടെ സെക്രട്ടറിയുടെ ചുമതല. ഹൈസ്ക്കൂളുകൾ വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർത്തുന്ന വിഷയം പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നില്ല. പ്രസ്തുത വിഷയം കൂടി ഉൾപ്പെടുത്തി ജി.ഒ. (പി) നം;107/07/പൊ.വി. തീയതി 13.06.2007 ഉത്തരവ് ദേഭഗതി വരുത്തിക്കൊണ്ട് ജി.ഒ.(പി)നം.116/07/പൊ.വി. തീയതി 22.08.2007 നം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മുസ്ലീം പിന്നാക്കാവസ്ഥ നിലനിൽക്കുന്ന ജില്ലകളിൽ പാലക്കാട് ജില്ലയെഉൾപ്പെടുത്തിട്ടില്ലായിരുന്നു. ടി ജില്ലകൂടി ഉൾപ്പെടുത്തി ജി.ഒ.(പി) നം;107/2007/പൊ.വി.വ. തീയതി 13.06.2007 ഉത്തരവ് ദേഭഗതി വരുത്തിക്കൊണ്ട് ജി.ഒ. (പി)23/2008/പൊ.വി. തീയതി നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ ഉളളടക്കം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (എഫ്) 62924/ഡി 2/2008/G.Edn. നമ്പർ ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുളളത് എന്ന് വ്യക്തമാക്കുമോ? | (എഫ്) 62924/ഡി2/2008/പൊ.വി.വ. നമ്പർ ഫയലിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തീരുമാനം കൈകൊളളുന്നതാണ്. |

Sd/

സെക്ഷൻ ഓഫീസർ